**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2345. 17.08.2017-ൽ മറുപടിയ്ക്ക്.

# പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>( പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
|---|---|---|---|
| | ചോദ്യം | | ഉത്തരം |
| എ) | സംസ്ഥാനത്ത് ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. സംസ്ഥാനത്ത് ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി 2017 -18 സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നു.<br>പട്ടിക വർഗ്ഗ മേഖലകൾക്കു പുറമേ എല്ലാ ജില്ലാകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഗോത്ര വിഭാഗങ്ങളുടെ വികസനം ലക്ഷ്യം വച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഓരോ സെറ്റിൽമെൻറിനും വികസന പദ്ധതി തയ്യാറാക്കുന്നത് ഊരുകൂട്ടങ്ങളുടെ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ്. പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിനായി വിവിധ വകുപ്പുകളുമായി വിശദമായ ചർച്ചകൾ നടത്തി നിർവ്വഹണത്തിന് അനുയോജ്യമായ രൂപരേഖ തയ്യാറാക്കുകയും, അത്തരത്തിൽ തയ്യാറാക്കിയ മൈക്രോപ്ലാൻ ജില്ലാ കളക്ടറുടെ അംഗീകാരം നേടേണ്ടതുമാണ്. ഗ്രാമ വികസനം, സാമൂഹിക നീതി, വനം, ആരോഗ്യം എന്നീ വകുപ്പുകളും. കുടുംബശ്രീ മിഷൻ, എം.എൻ.ആർ.ഇ.ജി.എസ്, |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളും പ്രാദേശിക, ജില്ലാ, സംസ്ഥാന തലത്തിൽ ഏകോപനം ഉറപ്പാക്കുന്നതാണ്. വകുപ്പ് മന്ത്രിയുടേയും ആസൂത്രണ ബോർഡ് വൈസ് ചെയർമാൻറേയും നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു ഉന്നതതല കമ്മിറ്റിയാണ് ഇത് മോണിറ്റർ ചെയ്യുന്നത്. ജില്ലാ തലത്തിൽ കളക്ടർമാർ പദ്ധതി പ്രവർത്തനങ്ങൾ അവലോകനം നടത്തി യഥാസമയം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. |
| സി) | ഈ പദ്ധതി ഇപ്പോൾ എവിടെയെല്ലാമാണ് നടപ്പിലാക്കുന്നതെന്നും ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് നടപ്പിലാക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | സി) | ഈ പദ്ധതിയിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി പട്ടിക വർഗ്ഗ വികസന വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കി ഉത്തരവായിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ആയിരിക്കും ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**